(ബി&സി) മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഫ്രലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ. (എംഎസ്.) 34/2015/സാ.നീ.വ. തീയതി 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നാളികേര സംഭരണം

20 (*440) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 1-1-2013 മുതൽ കൃഷിഭവനുകൾവഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നാളികേര വിലയിടിവിൽനിന്നും കേരകർഷകരെ സംരക്ഷിക്കുകയും സംഭരണ പദ്ധതിയുടെ പ്രയോജനം നേരിട്ട് കർഷകർക്ക് എത്തിക്കുകയുമാണ് ഉദ്ദേശ്യ ലക്ഷ്യം.

(സി) കൃഷിവകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി കർഷകരിൽനിന്നും പച്ചനാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ പത്ത് ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെയാണ് പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേരഫെഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ടി പദ്ധതിക്കായി 2012-13-ൽ കൃഷിവകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിപ്രകാരം 2100 ലക്ഷം രൂപ കേരഫെഡിന് നൽകിയിട്ടുണ്ട്. കൂടാതെ 2014-15-ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പദ്ധതിക്കായി കേരഫെഡിന് നൽകിയിരുന്നു. ആഴ്ചയിൽ രണ്ട് ദിവസമാണ് കൃഷിഭവനുകളിൽ സംഭരണം നടത്തുന്നത്. സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രസ്തുത കൃഷിഭവനുകളിൽ ഓരോ അക്കൗണ്ടന്റിനെയും രണ്ട് തൊഴിലാളികളെയും കേരഫെഡ് നിയമിച്ചിട്ടുണ്ട്. കൂടാതെ സംഭരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷിവകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

വിവാഹധൂർത്ത് തടയാൻ നടപടി

21 (*441) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വിവാഹ ധൂർത്തിനെതിരായുള്ള വനിതാ കമ്മീഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ മുമ്പാകെ ചേർക്കുംപ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട് :

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly